നിക്ഷേപകരെ ആകർഷിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ഒരു Special Incentive Package-ഉം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 10 വൻകിട നിക്ഷേപകർക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി സബ്സിഡി തുക മുൻകൂറായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. രണ്ട് ലക്ഷം ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള ഐ.ടി. സംരംഭങ്ങൾക്കും 1,000 പേർക്കെങ്കിലും ഒരു വർഷക്കാലയളവിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്ന കമ്പനികൾക്കും 10 കോടി രൂപ നിക്ഷേപം നടത്തുന്ന കമ്പനികൾക്കുമായി നിജപ്പെടുത്തിക്കൊണ്ട് 50 ലക്ഷം രൂപ ഒറ്റത്തവണയായി ആനുകൂല്യം നൽകുന്നതിനുദ്ദേശിച്ചുള്ള ഒരു പയനീർ കമ്പനി ഇൻസെന്റീവ് സ്കീമിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ഇൻഫോ പാർക്കിലും ആഗോളനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. കമ്പനികളെ ആകർഷിക്കുവാൻ ഫലപ്രദമായ വിപണന തന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ട്. ഭാരതത്തിലും വിദേശത്തും നടക്കുന്ന പ്രധാന എക്സിബിഷനുകളിൽ പങ്കെടുക്കാറുണ്ട്. മാനവ വിഭവശേഷിയുടെ വളർച്ചയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

ഇതിനുപുറമെ ഐ.ടി. വ്യവസായത്തെ ആകർഷിക്കുന്നതിനായി KSIDCതാഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

(1) നവ വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായമേകാനായി കേരള വെൻച്വർ കാപ്പിറ്റൽ ഫണ്ട് പ്രവർത്തനമാരംഭിച്ചു.

(2) കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക്സോണുമായി (എസ്.ഇ.ഇസഡ്.) ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിക്കുകയുണ്ടായി.

(3) കൊച്ചിൻ ഷിപ്പ്യാർഡുമായി യോജിച്ച് 65 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതാണ്.

(4) മുത്തൂറ്റ് ഗ്രൂപ്പ് കൊച്ചിയിൽ സ്പെഷ്യൽ ഇക്കണോമിക് സോണിൽ സ്ഥാപിക്കുന്ന ഐ.ടി. പാർക്കിൽ കെ.എസ്.ഐ.ഡി.സി. പങ്കാളിയാവുന്നതാണ്.

കൂടാതെ ഐ.ടി. സംരംഭകരെ ആകർഷിക്കുന്നതിനായി കോവളം, കഴക്കൂട്ടം ദേശീയപാതയിൽ ഐ.ടി. കോറിഡോർ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ഉദ്ദേശം 4,807 കോടി രൂപ നിക്ഷേപം ഐ.ടി. രംഗത്ത് ഉണ്ട്.

(ബി) ഉദ്ദേശം 150 കോടി രൂപയുടെ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഉണ്ടായിട്ടുണ്ട്.

കമ്പ്യൂട്ടർ സാക്ഷരത

65 [1204] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടർ സാക്ഷരതയുള്ള എത്ര പേർ ഉണ്ടെന്ന് വെളിപെടുത്തുമോ;

(ബി) ഇവർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകുന്നതിൽ അക്ഷയ സെന്ററുകൾക്കുള്ള സ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ;

(സി) കുടുംബത്തിലൊരാൾക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകിയ നേട്ടം മലപ്പുറം ജില്ലയ്ക്ക് എപ്രകാരം കൈവരിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത മാതൃക അവലംബിച്ച് സംസ്ഥാനത്താകെ കമ്പ്യൂട്ടർ സാക്ഷരത നൽകുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് കമ്പ്യൂട്ടർ സാക്ഷരത നേടിയവരുടെ കൃത്യമായ കണക്ക് തയ്യാറാക്കിയിട്ടില്ല. എന്നാൽ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിനും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരും ഇല്ലാത്തവരും തമ്മിൽ ഉള്ള അന്തരം കുറച്ചുകൊണ്ടു വരുന്നതിനും വേണ്ടി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് അക്ഷയ പദ്ധതി. ഇപ്പോൾ മലപ്പുറം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയനുസരിച്ച് ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരത നൽകുന്നതിന് സാധിക്കും. ഓരോ കുടുംബത്തിൽ നിന്നും തെരഞ്ഞെടുത്ത അംഗത്തിന് രണ്ട് കിലോമീറ്റർ ചുറ്റളവിലുള്ള അക്ഷയ കേന്ദ്രങ്ങളിൽനിന്നും പ്രാഥമിക പരിശീലനം ലഭിക്കുന്നു. മലപ്പുറത്ത് 5 ലക്ഷത്തോളം പേർ ഇപ്പോൾ കമ്പ്യൂട്ടർ സാക്ഷരത കൈവരിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വകാര്യ സംരംഭകരുടെയും സജീവമായ പങ്കാളിത്തത്തോടെയാണ് മലപ്പുറം ജില്ലയിൽ ഓരോ അക്ഷയ സെന്ററുകളും സ്ഥാപിച്ചിട്ടുള്ളത്. ഒരു അക്ഷയ കേന്ദ്രത്തിന്റെ പരിധിയിൽ 600 മുതൽ 800 വരെ വീടുകളാണ് ഉള്ളത്. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരത നൽകാവുന്ന 15 മണിക്കൂർ ദൈർഘ്യമുള്ള പഠന പരിപാടിയാണ് മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്. മലപ്പുറം ജില്ലയിൽ ഇതിനോടകം 617 അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അക്ഷയ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പുതന്നെ മലപ്പുറം ജില്ലയിൽ 50,000 പേർ കമ്പ്യൂട്ടർ സാക്ഷരത കൈവരിച്ചവരായി ഉണ്ടായിരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതോടുകൂടി ജില്ലയിൽ 5 ലക്ഷത്തോളം ആളുകൾ കമ്പ്യൂട്ടർ സാക്ഷരത കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനമൊട്ടാകെ അക്ഷയ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കമ്പ്യൂട്ടർ സാക്ഷരത പദ്ധതി 2004-ൽ പൂർത്തീകരിക്കുവാനും കൂടാതെ വിവിധ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾവഴി നൽകുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly